റിപ്പോർട്ട് സമർപ്പണം

1. 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി റിപ്പോർട്ട് സമർപ്പണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി II ന്റെ റിപ്പോർട്ടും അതിനോടനുബന്ധമായിട്ടുള്ള സബ്ജക്ട്കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റേയും 2016-ലെ കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റേയും സമർപ്പണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. എ. പ്രദീപ് കുമാർ: സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ, 2016-ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി റിപ്പോർട്ടുകളും, കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളും കമ്മിറ്റി

അദ്ധ്യക്ഷനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി.ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.